"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ ബ്ലോക്ക് 6 റീ സർവ്വേ 3/8 ൽ ഇ.സി.എച്ച്.എസ് പോളിക്ലിനിക് നിർമ്മിക്കുന്നതിനായി കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് കമ്പോള വിലയുടെ 3% നിരക്കിൽ 30 വർഷത്തേക്ക് പാട്ടത്തിനനുവദിച്ച 9.70 ആർസ് (23 സെന്റ്) ഭൂമിയുടെ പാട്ടനിരക്ക് നാമമാത്രനിരക്കായ പ്രതിവർഷം ആറൊന്നിന് 100/-രൂപ എന്ന് ഭേദഗതി വരുത്തിയും, ഇ.സി.എച്ച്.എസ് പോളിക്ലിനിക്കുകളുടെ നിർമ്മാണത്തിനായി കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് ഇതുവരെ പാട്ടത്തിന് അനുവദിച്ചിട്ടുള്ള ഭൂമിയ്ക്ക് നാമമാത്ര നിരക്കായ പ്രതിവർഷം ആറൊന്നിന് 100/- രൂപ നിരക്കിൽ ഏകീകൃത രീതിയിൽ പാട്ടവാടക ഈടാക്കുന്നതിന് നിർദ്ദേശം നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു

റവന്യൂ (എം) വകുപ്പ്

സ.ഉ.(കൈ) നം.100/2024/RD തീയതി,തിരുവനന്തപുരം, 14-06-2024

പരാമർശം:-

1. 27.7.2021 ലെ സ.ഉ(കൈ) നം.136/2021/റവ
2. ഓഫീസർ ഇൻ-ചാർജ്ജ്, ECHS പോളിക്ലിനിക്, വെസ്റ്റ് ഫോർട്ട്, മാവേലിക്കര സമർപ്പിച്ച 14.09.2021 തീയതിയിലെ അപേക്ഷ
3. സ്റ്റേഷൻ കമാന്റർ, പാങ്ങോട് മിലിറ്ററി സ്റ്റേഷൻ, തിരുവനന്തപുരം സമർപ്പിച്ച 10.04.2023ലെ അപേക്ഷ
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 16.08.2022തീയതിയിലെ എൽ.ആർ/754/ 2021/എൽ.ആർ.ജെ4 നമ്പർ കത്ത്

ഉത്തരവ്

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ ബ്ലോക്ക് 6 റീ സർവ്വേ 3/8 ൽപെട്ട 9.70 ആർസ് (23 സെന്റ്) ഭൂമി ഇ.സി.എച്ച്.എസ്. പോളിക്ലിനിക് നിർമ്മിക്കുന്നതിനായി കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് കമ്പോള വിലയുടെ 3% നിരക്കിൽ 30 വർഷത്തേക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിനനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ സമാനമായ കേസുകളിൽ കിളിമാനൂർ, കോട്ടയം, കൊല്ലം, കൊട്ടാരക്കര എന്നിവിടങ്ങളിൽ ECHS പോളിക്ലിനിക് നിർമ്മാണത്തിനായി സർക്കാർ ഭൂമി പാട്ടത്തിനു വിട്ടു നൽകിയത് ആറൊന്നിന് 100/- രൂപ വാർഷിക നിരക്കിൽ ആണെന്നതിനാലും ടി പ്രദേശത്തെ വിമുക്ത ഭടന്മാരുടെയും അവരുടെ ആശ്രിതരുടെയും ക്ഷേമത്തിനായി ആണ് പ്രസ്തുത ഭൂമി ഉപയോഗിക്കുന്നത് എന്നതിനാലും പ്രസ്തുത പാട്ടം ആറൊന്നിന് 100 രൂപ എന്ന വാർഷിക നിരക്കിൽ പുനർനിശ്ചയിക്കണമെന്ന് ECHS പോളിക്ലിനിക് ഓഫീസർ ഇൻ ചാർജ്ജ് പരാമർശം (2) പ്രകാരവും, സ്റ്റേഷൻ കമാന്റർ, പാങ്ങോട് മിലിറ്ററി സ്റ്റേഷൻ, തിരുവനന്തപുരം പരാമർശം (3) പ്രകാരവും അപേക്ഷിച്ചിരുന്നു. അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് പരാമർശം (4) പ്രകാരം ലാൻഡ്

റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിരുന്നു.

2) പരാമർശം (1) പ്രകാരം മാവേലിക്കര ECHS പോളിക്ലിനിക്ക് സ്ഥാപിക്കുന്നതിന് ഭൂമി അനുവദിച്ചിരുന്നത് 6.2.2016ലെ ജി.ഒ(എം.എസ്)96/2016/റവ പ്രകാരം കേന്ദ്ര സർക്കാർ ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും മറ്റ് സംസ്ഥാന സർക്കാരുകളുടെ പബ്ലിക് ഇൻസ്റ്റിറ്റ്യൂഷനുകൾക്കും ഭൂമി പാട്ടത്തിന് നൽകുന്നതിന് ബാധകമായ പാട്ടനിരക്കായ കമ്പോളവിലയുടെ 3% നിരക്കിലാണ്. കോട്ടയം ജില്ലയിലെ മണർക്കാട് വില്ലേജിലും, കൊട്ടാരക്കര താലൂക്കിലെ വെട്ടിക്കവല വില്ലേജിലും ECHS പോളിക്ലിനിക്കിന് കെട്ടിടം നിർമ്മിക്കുന്നതിന് ആറൊന്നിന് 100/- രൂപ (നൂറ് രൂപ മാത്രം) എന്ന നിരക്കിൽ ഭൂമി പാട്ടത്തിന് അനുവദിച്ച് ഉത്തരവായിട്ടുള്ളതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സമാന വിഷയത്തിൽ, പത്തനംതിട്ട ജില്ലയിലെ റാന്നിയിൽ ഇ.സി.എച്ച്.എസ് പോളിക്ലിനിക്കിന് 07.05.2021ലെ സ.ഉ.(കൈ)നം.102/2021/റവ പ്രകാരം ഭൂമി പാട്ടത്തിന് അനുവദിച്ചത് ആശുപത്രികൾക്ക് ബാധകമായ പാട്ടനിരക്കായ കമ്പോളവിലയുടെ 2% നിരക്കിലാണ്.

3) 27.07.2011ലെ GO(MS)No.280/2011/RD പ്രകാരം "exceptional cases where the land is put to a non-commercial use or for providing basic services to the public" -ന് മാത്രം സൗജന്യനിരക്കായ ഒരാറിന് 100/-രൂപ പാട്ടനിരക്ക് അനുവദനീയമാണ്. 1964ലെ ഭൂമിപതിവ് ചട്ടത്തിന്റെ അടിസ്ഥാനത്തിൽ പാട്ടനിരക്കുകൾ പുതുക്കി നിശ്ചയിച്ച് പുറപ്പെടുവിച്ച 6.02.2016ലെ ജി.ഒ(എം.എസ്)നം.96/2016/റവ പ്രകാരവും 1995ലെ മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമിപതിവ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പാട്ടനിരക്ക് നിശ്ചയിച്ച് പുറപ്പെടുവിച്ച 28.01.2016ലെ GO(P)No.64/2016/RD പ്രകാരവും hospitals ന് കമ്പോളവിലയുടെ 2% പാട്ട നിരക്കും Central Government Institutions ന് കമ്പോളവിലയുടെ 3% പാട്ടനിരക്കും അനുവദനീയമാണ്. അപ്രകാരം, ഏത് മാർഗ്ഗ നിർദ്ദേശം അനുസരിക്കണമെന്ന വ്യത്യസ്തമായ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിലാണ് വിവിധ നിരക്കുകളിൽ ഭൂമി ഇ.സി.എച്ച്.എസ് പോളിക്ലിനിക്കുകൾക്ക് പാട്ടത്തിനനുവദിച്ചിരുന്നത് .

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു:

i) പരാമർശം (1) പ്രകാരം ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ ബ്ലോക്ക് 6 റീ സർവ്വേ 3/8 ൽ ഇ.സി.എച്ച്.എസ്. പോളിക്ലിനിക് നിർമ്മിക്കുന്നതിനായി കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് കമ്പോള വിലയുടെ 3% നിരക്കിൽ 30 വർഷത്തേക്ക് വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിനനുവദിച്ച 9.70 ആർസ് (23 സെന്റ്) ഭൂമിയുടെ പാട്ടനിരക്ക് നാമമാത്രനിരക്കായ പ്രതിവർഷം ആറൊന്നിന് 100/-രൂപ (നൂറ് രൂപ മാത്രം) എന്ന് ഭേദഗതി വരുത്തുന്നു. പ്രസ്തുത ഭേദഗതിയോടെ പരാമർശം (1)-ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

ii) ഇ.സി.എച്ച്.എസ് പോളിക്ലിനിക്കുകൾ വിമുക്തഭടൻമാരുടെ ചികിൽസയ്ക്കായാണ് പ്രവർത്തിക്കുന്നത് എന്നതിനാലും, കേന്ദ്ര സർക്കാർ ഇതിലൂടെ സാമ്പത്തിക നേട്ടം ഉണ്ടാക്കാത്തതിനാലും, ഇക്കാര്യത്തിലെ സാമൂഹിക പ്രതിബദ്ധത കണക്കിലെടുത്തും ഇ.സി.എച്ച്.എസ്. പോളിക്ലിനിക്കുകളുടെ നിർമ്മാണത്തിനായി കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് ഇതുവരെ പാട്ടത്തിന് അനുവദിച്ചിട്ടുള്ള ഭൂമിയ്ക്ക് നാമമാത്ര നിരക്കായ പ്രതിവർഷം ആറൊന്നിന്

100/- രൂപ (നൂറ് രൂപ മാത്രം) നിരക്കിൽ ഏകീകൃത രീതിയിൽ പാട്ടവാടക ഈടാക്കുന്നതിന് നിർദ്ദേശം നൽകുന്നു

5) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർ നടപടികൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

സ്റ്റേഷൻ കമാൻഡർ, സ്റ്റേഷൻ ഹെഡ്ക്വാർട്ടേഴ്സ് (ആർമി), പാങ്ങോട്, തിരുവനന്തപുരം

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

അക്കൗണ്ടന്റ് ജനറൽ (A&E/Audit), തിരുവനന്തപുരം

എല്ലാ തഹസീൽദാർമാർക്കും

ധനകാര്യ വകുപ്പ് (1724304/EXP-A2/152/2021-FIN പ്രകാരം)

പൊതുഭരണ(എസ്.സി) വകുപ്പ് (12.06.2024 ലെ ഇനം നം: 2210പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Sindhu S
Date: 14-06-2024 17:48:51
സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.റവന്യൂ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്

റവന്യൂ വകുപ്പ് അണ്ടർ സെക്രട്ടറിക്ക്

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 12-06-2024

ഫയൽ നം. എം2/257/2021/റവ. ഇനം നം: 2210

വിഷയം : റവന്യൂ വകുപ്പ് - ഇ.സി.എച്ച്.എസ്. പോളിക്ലിനിക്കുകൾ നിർമ്മിക്കുന്നതിന് പാട്ടത്തിന് അനുവദിച്ച/അനുവദിക്കുന്ന ഭൂമിയ്ക്ക്, ആലപ്പുഴ ജില്ലയിൽ വെട്ടിയാർ വില്ലേജിൽ അനുവദിച്ച ഭൂമിയ്ക്ക് ഉൾപ്പെടെ, നാമമാത്ര നിരക്കിൽ ഏകീകൃത രീതിയിൽ പാട്ടവാടക ഈടാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

13/6

13/06

2210

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എം2/257/2021-റവ |
| 2. | വകുപ്പ് | റവന്യൂ(എം) വകുപ്പ് |
| 3. | വിഷയം | ഇ.സി.എച്ച്.എസ് പോളിക്ലിനിക്കുകൾ നിർമ്മിക്കുന്നതിന് പാട്ടത്തിന് അനുവദിച്ച/അനുവദിക്കുന്ന ഭൂമിയ്ക്ക്, ആലപ്പുഴ ജില്ലയിൽ വെട്ടിയാർ വില്ലേജിൽ അനുവദിച്ച ഭൂമിക്ക് ഉൾപ്പെടെ, നാമമാത്ര നിരക്കിൽ ഏകീകൃത രീതിയിൽ പാട്ടവാടക ഈടാക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 19.03.2024 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഗോപകുമാർ ആർ.എൽ |
| 8. | കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 27.05.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു.വി |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 31.05.24 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 05.06.2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 11.06.2024 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഇ.സി.എച്ച്.എസ് പോളിക്ലിനിക്കുകളുടെ നിർമ്മാണത്തിനായി കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് പാട്ടത്തിന് അനുവദിച്ച/അനുവദിക്കുന്ന ഭൂമിയ്ക്ക്, ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ ഇ.സി.എച്ച്.എസ് പോളിക്ലിനിക്ക് നിർമ്മാണത്തിന് അനുവദിച്ച ഭൂമിക്ക് ഉൾപ്പെടെ, ഇനിമുതൽ നാമമാത്ര നിരക്കായ പ്രതിവർഷം ആറൊന്നിന് 100/- രൂപ (നൂറ് രൂപ മാത്രം) നിരക്കിൽ ഏകീകൃത രീതിയിൽ പാട്ടവാടക ഈടാക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ ബ്ലോക്ക് 6 റീ സർവ്വേ 3/8 ൽ പെട്ട 9.70 ആർസ് (23 സെന്റ് ) ഭൂമി ഇ.സി.എച്ച്.എസ് പോളിക്ലിനിക് നിർമ്മിക്കുന്നതിനായി കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് കമ്പോള വിലയുടെ 3% നിരക്കിൽ 30 വർഷത്തേക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിനനുവദിച്ച് 27.7.2021 ലെ G.O(MS) No.136/2021/റവ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ സമാനമായ കേസുകളിൽ കിളിമാനൂർ, കോട്ടയം, കൊല്ലം, കൊട്ടാരക്കര എന്നിവിടങ്ങളിൽ ECHS പോളിക്ലിനിക് നിർമ്മാണത്തിനായി സർക്കാർ ഭൂമി പാട്ടത്തിനു വിട്ടു നൽകിയത് ആറൊന്നിന് 100/- രൂപ വാർഷിക നിരക്കിൽ ആണെന്നതിനാലും ടി പ്രദേശത്തെ വിമുക്ത ഭടന്മാരുടെയും അവരുടെ ആശ്രിതരുടെയും ക്ഷേമത്തിനായി ആണ് പ്രസ്തുത ഭൂമി ഉപയോഗിക്കുന്നത് എന്നതിനാലും പ്രസ്തുത പാട്ടം ആറൊന്നിന് 100 രൂപ എന്ന വാർഷിക നിരക്കിൽ പുനർനിശ്ചയിക്കണമെന്ന് ECHS പോളിക്ലിനിക് അഡ്മിനിസ്ട്രേറ്റർ അപേക്ഷിച്ചിരുന്നു. അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിരുന്നു.

3) തുടർന്ന്, പാട്ടം നാമമാത്ര നിരക്കായ ആർ ഒന്നിന് നൂറുരൂപ എന്ന നിരക്കിലേക്ക് കുറച്ചു നൽകുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. പ്രത്യേക കേസായി പാട്ടത്തുക ഇളവ് നൽകിയിട്ടുള്ള കേസുകൾ കീഴ്വഴക്കമായി എടുത്ത് പ്രസ്തുത സൗജന്യം സമാന കേസുകളിൽ എല്ലാം അനുവദിക്കണം എന്ന ആവശ്യം സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പരിഗണിക്കാൻ കഴിയില്ല എന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു.

4) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, പാട്ടം നാമമാത്ര നിരക്കായ ആർ ഒന്നിന് നൂറുരൂപ എന്ന നിരക്കിലേക്ക് കുറച്ചു നൽകണമെന്ന ഇ.സി.എച്ച്.എസ് പോളിക്ലിനിക് അധികൃതരുടെ ആവശ്യം സർക്കാർ നിരസിച്ചിട്ടുള്ളതാണ്.

5) മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ 9.70 ആർസ് (23 സെന്റ്) ഭൂമി ഇ.സി.എച്ച്.എസ് പോളിക്ലിനിക് നിർമ്മിക്കുന്നതിനായി കമ്പോള വിലയുടെ 3%

നിരക്കിൽ 30 വർഷത്തേക്ക് പാട്ടത്തിനനുവദിച്ച 27.7.2021 ലെ G.O(MS)No.136/2021/റവ ഉത്തരവിലെ വ്യവസ്ഥകൾക്ക വിധേയമായി പാട്ടക്കരാർ ഒപ്പുവെയ്ക്കണമെന്ന് ആവശ്യപ്പെട്ട് ആലപ്പുഴ ജില്ലാ കളക്ടർ ബന്ധപ്പെട്ടവർക്ക് കത്ത് നൽകിയ സാഹചര്യത്തിൽ, പ്രസ്തുത ഭൂമിയുടെ പാട്ടം നാമമാത്ര നിരക്കായ ആർ ഒന്നിന് നൂറുരൂപ എന്ന നിരക്കിലേക്ക് കുറച്ചു നൽകണമെന്ന് അപേക്ഷ വീണ്ടും സമർപ്പിച്ചിട്ടുള്ളതാണ്.

6) 1964 ലെ ഭൂമി പതിവ് ചട്ടത്തിന്റെ അടിസ്ഥാനത്തിൽ Hospitals ന്റെ പാട്ടനിരക്ക് കമ്പോളവിലയുടെ 2% ആയി പുതുക്കി നിശ്ചയിച്ച് പുറപ്പെടുവിച്ച 06.02.2016 ലെ സ.ഉ(എം.എസ്)96/2016/റവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സമാന വിഷയത്തിൽ, പത്തനംതിട്ട ജില്ലയിലെ റാന്നിയിൽ ഇ.സി.എച്ച്.എസ് പോളിക്ലിനിക്കിന് 07.05.2021 ലെ സ.ഉ.(എം.എസ്)നം.102/2021/റവ പ്രകാരം ഭൂമി പാട്ടത്തിന് അനുവദിച്ചത് കമ്പോളവിലയുടെ 2% നിരക്കിലാണ്.

7) 27.07.2011 ലെ ജി.ഒ(എം.എസ്)നം.280/2011/റവ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, കോട്ടയം ജില്ലയിലെ മണർക്കാട് വില്ലേജിലും, കൊട്ടാരക്കര താലൂക്കിലെ വെട്ടിക്കവല വില്ലേജിലും ECHS പോളിക്ലിനിക്കിന് കെട്ടിടം നിർമ്മിക്കുന്നതിന് ആറൊന്നിന് 100 രൂപ എന്ന നിരക്കിൽ ഭൂമി പാട്ടത്തിന് അനുവദിച്ച് ഉത്തരവായിട്ടുള്ളതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8) ഈ കേസിൽ, 27.7.2021 ലെ സ.ഉ(കൈ)നം136/2021/റവ പ്രകാരം മാവേലിക്കര ECHS പോളിക്ലിനിക്ക് സ്ഥാപിക്കുന്നതിന് ഭൂമി അനുവദിച്ചിരിക്കുന്നത് 6.2.2016 ലെ ജി.ഒ(എംഎസ്)96/2016/റവ പ്രകാരം കേന്ദ്ര സർക്കാർ ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും മറ്റ് സംസ്ഥാന സർക്കാരുകളുടെ പബ്ലിക് ഇൻസ്റ്റിറ്റ്യൂഷനുകൾക്കും ഭൂമി പാട്ടത്തിന് നൽകുന്നതിന് ബാധകമായ പാട്ടനിരക്കായ കമ്പോളവിലയുടെ 3% നിരക്കിലാണ്.

9) അതായത്, ഒരു പ്രത്യേക ആവശ്യത്തിന് വ്യത്യസ്ത നിരക്കുകളിലാണ് (സൗജന്യ നിരക്കായ 100 രൂപ/ കമ്പോളവിലയുടെ 2% / കമ്പോളവിലയുടെ 3%) വിവിധ അവസരങ്ങളിൽ പാട്ടം അനുവദിച്ചിട്ടുള്ളത്.

10) 27.07.2011 ലെ GO(MS)No.280/2011/RD പ്രകാരം "exceptional cases where the land is put to a non-commercial use or for providing basic services to the public" -ന് മാത്രം സൗജന്യനിരക്കായ ഒരാറിന് 100/-രൂപ പാട്ടനിരക്ക് അനുവദനീയമാണ്. 1964 ലെ ഭൂമിപതിവ് ചട്ടത്തിന്റെ അടിസ്ഥാനത്തിൽ പാട്ടനിരക്കുകൾ പുതുക്കിനിശ്ചയിച്ച് പുറപ്പെടുവിച്ച 6.02.2016 ജി.ഒ(എംഎസ്)96/2016/റവ പ്രകാരവും 1995 ലെ മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ

പാട്ടനിരക്ക് നിശ്ചയിച്ച് പുറപ്പെടുവിച്ച 28.01.2016 ലെ GO(P)No.64/2016/RD പ്രകാരവും hospitals ന് കമ്പോളവിലയുടെ 2% നിരക്കും Central Government Institutions ന് 3% നിരക്കും അനുവദനീയമാണ്. അപ്രകാരം ഏത് മാർഗ്ഗ നിർദ്ദേശം അനുസരിക്കണമെന്ന വ്യത്യസ്തമായ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിലാണ് വിവധ നിരക്കുകളിൽ ഭൂമി ഇ.സി.എച്ച്.എസ് പോളിക്ലിനിക്കുകൾക്ക് പാട്ടത്തിനനുവദിച്ചിരുന്നത്.

11) ECHS നൽകുന്ന സർവ്വീസ് വ്യാഖ്യാനിക്കുമ്പോൾ മേല്പറഞ്ഞ മൂന്ന് തരം പാട്ടനിരക്കും അനുവദനീയമാണെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഉത്തരവിനായി ഫയൽ സമർപ്പിച്ചിരുന്നു. തുടർന്ന്, ആശുപത്രികൾക്ക് നൽകുന്ന നിരക്കിൽ പാട്ടം പുനർ നിശ്ചയിച്ച് നൽകുവാൻ ബഹു.റവന്യൂ വകുപ്പ് മന്ത്രി ഉത്തരവായിട്ടുള്ളതാണ്.

12) അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു. ധനകാര്യവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു:

'സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന നിലവിലെ സാഹചര്യത്തിൽ പാട്ടനിരക്കിൽ ഇളവ് അനുവദിക്കണമെന്ന ആവശ്യം അംഗീകരിക്കാൻ കഴിയില്ല. അതിനാൽ ECHS Polyclinic നിർമ്മിക്കുന്നതിനായി 27.07.2021 ലെ G.O(Ms)No.136/2021/റവ ഉത്തരവ് പ്രകാരം അനുവദിച്ച ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ ബ്ലോക്ക് 6 റീ സർവ്വെ 3/8 ൽ പെട്ട 9.70 ആർസ് (23 സെന്റ്) വസ്തു ഭൂമിയുടെ പാട്ടത്തുക കുറയ്ക്കണമെന്ന ആവശ്യം അംഗീകരിക്കാൻ കഴിയില്ല എന്നു ഭരണ വകുപ്പിനെ അറിയിക്കുന്നു. ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.'

13) ആശുപത്രികൾക്ക് നൽകുന്ന നിരക്കിൽ (2%) പാട്ടം പുനർ നിശ്ചയിച്ച് നൽകുവാൻ ബഹു.റവന്യൂ വകുപ്പ് മന്ത്രി ഉത്തരവായിട്ടുള്ള സാഹചര്യത്തിലും, 3% പാട്ട നിരക്ക് അനുവദിച്ചുകൊണ്ട് 27.7.2021 ലെ G.O(MS) No.136/2021/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നത് ബഹു. മുഖ്യമന്ത്രിയുടെ അനുമതിയോടെയാണ് എന്നതിനാൽ 06.02.2016-ലെ സ.ഉ.(കൈ) 96/2016/റവ നമ്പർ ഉത്തരവ് പ്രകാരം ആശുപത്രികൾക്ക് ബാധകമായ 2% പാട്ട നിരക്കായി കുറച്ച് നൽകുന്ന വിഷയത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അനുമതിക്കായി ഫയൽ ചംക്രമണം ചെയ്തിരുന്നു.

14) തുടർന്ന് ബഹു.റവന്യൂ വകുപ്പ് മന്ത്രി ചുവടെ പറയുന്ന നിർദ്ദേശം സഹിതം ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നു:

'കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്കു ഭൂമി നൽകുമ്പോൾ ഈടാക്കുന്ന പാട്ട നിരക്കായ 3 ശതമാനം നിരക്കിലാണ് ECHS നു ഭൂമി നൽകിയത് . ആറിന് 100 രൂപ എന്ന സൗജന്യ നിരക്കിൽ ഭൂമി നൽകണം എന്നാണ് പ്രതിരോധ വകുപ്പ് ആവശ്യപ്പെട്ടെങ്കിലും ധന വകുപ്പ് എതിർപ്പ് അറിയിച്ചിരുന്നു എന്നാൽ ആശുപത്രികൾക്ക് ഭൂമി നൽകുമ്പോൾ നിശ്ചയിച്ചിട്ടുള്ള 2 ശതമാനം നിരക്കിൽ ECHS polyclinic നും ഭൂമി നൽകാവുന്നതാണ്.

15) തുടർന്ന്, ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി വിഷയം പരിശോധിക്കുകയും താഴെപ്പറയുന്ന ശിപാർശ രേഖപ്പെടുത്തുകയും ചെയ്തു.

'കോട്ടയം ജില്ലയിലെ മണർകാട്, കൊട്ടാരക്കര താലൂക്കിലെ വെട്ടിക്കവല എന്നിവിടങ്ങളിൽ ഇ.സി.എച്ച്.എസ് പോളി ക്ലിനിക്കുകൾ സ്ഥാപിക്കാൻ ഭൂമി അനുവദിച്ചത് ആറൊന്നിന് 100/- രൂപ നിരക്കിലാണ്. എന്നാൽ പത്തനംതിട്ട ജില്ലയിലെ റാന്നിയിൽ കമ്പോള വിലയുടെ 2% നിരക്കിലും ആലപ്പുഴ ജില്ലയിലെ മാവേലിക്കരയിൽ കമ്പോള വിലയുടെ 3% നിരക്കിലുമാണ് ഇ.സി.എച്ച്.എസ് പോളി ക്ലിനിക്കിനായി ഭൂമി അനുവദിച്ചിരുന്നത്.

ഓരോ സ്ഥലത്തും ഓരോ നിരക്കിൽ പാട്ടവാടക ഈടാക്കിയാണ് മുൻപ് കേന്ദ്രീയ വിദ്യാലയങ്ങൾക്ക് ഭൂമി അനുവദിച്ചിരുന്നതെങ്കിലും തുടർന്ന് ആയത് ആറൊന്നിന് 100/- എന്ന നാമമാത്ര നിരക്കിലേക്ക് മാറിയിട്ടുണ്ട്.

ഇ.സി.എച്ച്.എസ് പോളി ക്ലിനിക്കുകൾ വിമുക്തഭടൻമാരുടെ ചികിൽസയ്ക്കായാണ് പ്രവർത്തിക്കുന്നത്. കേന്ദ്ര സർക്കാർ ഇതിലൂടെ സാമ്പത്തിക നേട്ടം ഉണ്ടാക്കാത്തതിനാലും ഇക്കാര്യത്തിലെ സാമൂഹിക പ്രതിബദ്ധത കണക്കിലെടുത്തും മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തിനു വിധേയമായി ഇ.സി.എച്ച്.എസ് പോളി ക്ലിനിക്കുകൾക്ക് നാമമാത്ര നിരക്കായ ആറൊന്നിന് 100/- രൂപ നിരക്കിൽ ഏകീകൃത രീതിയിൽ പാട്ടവാടക ഈടാക്കാവുന്നതാണ്.'

16) ചീഫ് സെക്രട്ടറിയുടെ ശിപാർശ ബഹു.മുഖ്യമന്ത്രി അംഗീകരിച്ചു. വിഷയം മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുണ്ട്.

## <u>തീരുമാനിക്കേണ്ട വിഷയം</u>

A. ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ ബ്ലോക്ക് 6 റീ സർവ്വേ 3/8 ൽ പെട്ട 9.70 ആർസ് (23 സെന്റ്) ഭൂമി ഇ.സി.എച്ച്.എസ് പോളിക്ലിനിക് നിർമ്മിക്കുന്നതിനായി കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് കമ്പോള വിലയുടെ 3%

നിരക്കിൽ 30 വർഷത്തേക്ക് വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിനനുവദിച്ച 27.7.2021 ലെ G.O(Ms) No.136/2021/റവ നമ്പർ ഉത്തരവ് ഭേദഗതി ചെയ്ത് പ്രതിവർഷം ആറൊന്നിന് 100/-രൂപ എന്ന നാമമാത്ര നിരക്കിൽ ഈടാക്കാവുന്നതാണോ?

B. ഇ.സി.എച്ച്.എസ് പോളി ക്ലിനിക്കുകൾ വിമുക്തഭടൻമാരുടെ ചികിൽസയ്ക്കായാണ് പ്രവർത്തിക്കുന്നത് എന്നതിനാലും കേന്ദ്ര സർക്കാർ ഇതിലൂടെ സാമ്പത്തിക നേട്ടം ഉണ്ടാക്കാത്തതിനാലും ഇക്കാര്യത്തിലെ സാമൂഹിക പ്രതിബദ്ധത കണക്കിലെടുത്തും ഇ.സി.എച്ച്.എസ് പോളിക്ലിനിക്കുകളുടെ നിർമ്മാണത്തിനായി കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് ഇതുവരെ പാട്ടത്തിന് അനുവദിച്ചിട്ടുള്ള ഭൂമിയ്ക്ക് നാമമാത്ര നിരക്കായ പ്രതിവർഷം ആറൊന്നിന് 100/- രൂപ (നൂറ് രൂപ മാത്രം) നിരക്കിൽ ഏകീകൃത രീതിയിൽ പാട്ടവാടക ഈടാക്കാവുന്നതാണോ?

DISTRICT COLLECTORATE OFFICE
04 AUG 2021
ALAPPUZHA

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ്-ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ ബ്ലോക്ക് 6 ൽ സർവ്വേ 3/8 ൽ പെട്ട 9.70 ആർസ് (23 സെന്റ്) ഭൂമി ECHS പോളിക്ലിനിക് നിർമ്മിക്കുന്നതിനായി കേന്ദ്രപ്രതിരോധ മന്ത്രാലയത്തിന് കമ്പോള വിലയുടെ 3% നിരക്കിൽ 30 വർഷത്തേക്ക് പാട്ടത്തിനനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

റവന്യൂ (എം) വകുപ്പ്

സ.ഉ.(കൈ)നം.136/2021/റവ

തീയതി,തിരുവനന്തപുരം27.07.2021

---

പരാമർശം:- 1) സ്റ്റേഷൻ സ്റ്റാഫ് ഓഫീസർ, സ്റ്റേഷൻ ഹെഡ് ക്വാർട്ടേഴ്സ് ആർമിയുടെ 11/02/19 ലെ അപേക്ഷ.

2) 05/02/2015 ലെ G.O (MS) 96/2015 /റവ. നമ്പർ ഉത്തരവ്

3) ലാൻഡ് റവന്യൂ കമ്മീഷണറുടെ 01/01/2021 -ലെ എൽ.ആർ.ജെ4/14929/2017 നമ്പർ കത്ത്.

ഉത്തരവ്

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ ബ്ലോക്ക് 6 ൽ സർവ്വേ 3/8 ൽ പെട്ട 9.70 ആർസ് (23 സെന്റ്) ഭൂമി ECHS polyclinic നിർമ്മിക്കുന്നതിനായി പാട്ടത്തിന് അനുവദിക്കുന്നതിനുള്ള പരാമർശം (1) അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (3 )പ്രകാരം സമർപ്പിച്ചിട്ടുണ്ട്

2. പ്രസ്തുത ഭൂമി ബി.ടി.ആർ പ്രകാരം കല്ലിംഗൽ ഗവ. LP സ്കൂളിന്റെ പേരിലാണ്. ടി സ്ഥലം [illegible] കാറ്റഗറിയിൽപ്പെടുത്തി നിർണ്ണയിച്ചിട്ടുള്ളതും. ടി സ്ഥലത്ത് [illegible] കെട്ടിടം തകർന്ന് വീണിട്ടുള്ളതുമാണ്. ബി.ടി.ആർ പ്രകാരം കല്ലിംഗൽ ഗവ. LP സ്കൂൾ [illegible] പേരിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫെയർ വാല്യു രജിസ്റ്റർ പ്രകാരം Residential plot with Muncipality/Panchayat Road access എന്ന വിഭാഗത്തിൽപ്പെടുത്തി ആർ ഒന്നിന് [illegible] രൂപ ഫെയർ വാല്യു നിശ്ചയിച്ചിട്ടുണ്ടെന്നും. ടി അപാകത 02/12/2020 ലെ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം Residential plot with Muncipality/Panchayat Road access എന്നത് Government property എന്നും ആർ ഒന്നിന് [illegible] രൂപ എന്നുള്ളത് 1 രൂപ എന്നും തിരുത്തൽ വരുത്തിയിട്ടുള്ളതാണെന്നും പ്രസ്തുത ഭൂമിയുടെ സമീപ വസ്തുക്കൾക്ക് ആറൊന്നിന് 19000/- രൂപ വില നിശ്ചയിച്ചിട്ടുള്ളതിനാൽ ടി ഭൂമിക്കും ആറൊന്നിന് 19000/- രൂപ വില നിശ്ചയിക്കാവുന്നതും അപ്രകാരം ആർ ഒന്നിന് 76000 രൂപ നിരക്കിൽ 9.70 ആർ ഭൂമിക്ക് 7,37,200/-രൂപ (ഏഴ് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി ഇരുന്നൂറ്) കമ്പോള വില കണക്കാക്കാവുന്നതാണെന്നും പരാമർശം (2 )ലെ വ്യവസ്ഥ പ്രകാരം കമ്പോള വിലയുടെ 3% നിരക്കിൽ 22116 രൂപ വാർഷിക പാട്ടം നിശ്ചയിക്കാവുന്നതാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ ബ്ലോക്ക് 6 ൽ സർവ്വേ 3/8 ൽ പെട്ട 9.70 ആർസ് (23 സെന്റ്) ഭൂമി

ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ECHS polyclinic നിർമ്മിക്കുന്നതിനായി കേന്ദ്രപ്രതിരോധ മന്ത്രാലയത്തിന് കമ്പോള വിലയുടെ 3% നിരക്കിൽ 30 വർഷത്തേക്ക് പാട്ടത്തിനനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നിബന്ധനകൾ

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ.

ii) ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ, പാടുള്ളതല്ല.

iii) ഭൂമി പാട്ടത്തിന് / ഉപപാട്ടത്തിന് / വാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല.

iv) ഭൂമിയിൽ ഒരു വർഷത്തിനുള്ളിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

v) ഭൂമി എല്ലാ സമയത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിച്ച് നിർത്തേണ്ടതാണ്.

vi) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷത്തൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

vii) ഓരോ മൂന്ന് വർഷം തോറും പാട്ടം പുതുക്കേണ്ടതാണ്.

viii) പാട്ടത്തുക എല്ലാ സാമ്പത്തികവർഷത്തിന്റെയും ആദ്യ മൂന്ന് മാസത്തിനുള്ളിൽതന്നെ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2 ശതമാനമോ അതിന് മുകളിലോ പിഴപ്പലിശ ഈടാക്കുന്നതുമാണ്.

ix) പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.

x) മേൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഉപാധികളോ നിബന്ധനകളോ ലംഘിക്കുന്ന പക്ഷം പാട്ടം റദ്ദാക്കുന്നതും, പാട്ടഭൂമി അതിലെ ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവ് പ്രകാരം)
ആർ താരാദേവി
അഡീഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, ആലപ്പുഴ.
കേണൽ, സ്റ്റേഷൻ സ്റ്റാഫ് ഓഫീസർ, സ്റ്റേഷൻ ഹെഡ് ക്വാർട്ടേഴ്സ് ആർമി, പാങ്ങോട്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (എം) വകുപ്പ് (20/12/2019-ലെ ഔദ്യോഗിക കുറിപ്പ് നമ്പർ M1/46/2019/G.Edn പ്രകാരം)
ധനകാര്യ വകുപ്പ് (17/04/2021 ലെ Exp. A2/152/2021/Fin പ്രകാരം)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ